# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 290 19.06.2019-ൽ മറുപടിയ്ക്ക്.

## ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ട്രാഫിക് കമ്മിറ്റികൾ പോലെയുള്ള വിവിധ കമ്മിറ്റികൾ വിളിച്ച് ചേർക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ; അങ്ങനെ വിളിച്ചുചേർക്കേണ്ട കമ്മിറ്റികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | അദ്ധ്യക്ഷനും നിശ്ചിത അംഗങ്ങളും ഉൾപ്പെടുന്നതാണ് ഗ്രാമ പഞ്ചായത്തുകളിൽ ട്രാഫിക് കമ്മിറ്റികൾ പോലുള്ള വിവിധ കമ്മിറ്റികളുടെ ഘടന. കമ്മിറ്റികൾ അദ്ധ്യക്ഷൻ നിശ്ചയിക്കും പ്രകാരമോ മാസത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമോ വിളിച്ച് ചേർക്കാറുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുള്ള പ്രസ്തുത ഗണത്തിൽപ്പെട്ട പ്രധാന കമ്മിറ്റികൾ ചുവടെ ചേർക്കുന്നു.<br><br>ട്രാഫിക് റഗുലേറ്ററി കമ്മിറ്റി, റസ്ക്യൂ വോളന്ററി കമ്മിറ്റി, ടീകമ്മിറ്റി, പരിസ്ഥിതി കമ്മിറ്റി, ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി, ലഹരിവിരുദ്ധ കമ്മിറ്റി, ജാഗ്രത സമിതി, ആസ്തി പരിപാലന കമ്മിറ്റി, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ചൈൽഡ് വെൽഫയർ കമ്മിറ്റി, എ.ബി.സി മോണിറ്ററിംഗ് സമിതി, ബഡ്സ് മാനേജ്മെന്റ് കമ്മിറ്റി, പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റി, വയോജനങ്ങളുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റി, വാർഡ് |

| | | | |
|---|---|---|---|
| | | | വികസന സമിതി, വാർഡ് സാനിറ്റേഷൻ കമ്മിറ്റി, ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി, നീർത്തട കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി, പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് പ്ലാനിംഗ് കമ്മിറ്റി, തണ്ണീർത്തട നെൽവയൽ കമ്മിറ്റി, കുടുംബശ്രീ വിലയിരുത്തൽ സമിതി. |
| (ബി) | പ്രസ്തുത കമ്മറ്റികളിൽ ആരൊക്കെ അംഗങ്ങൾ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വ്യവസ്ഥ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന നോൺ സ്റ്റാറ്റ്യൂട്ടറി ഗണത്തിൽപ്പെട്ട കമ്മിറ്റികളിലെ അംഗസംഖ്യയും അംഗങ്ങളെയും നിശ്ചയിക്കുന്നത് കാലകാലങ്ങളിൽ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലേയോ / സർക്കുലറുകളിലേയോ നിബന്ധനകൾ പ്രകാരമാണ്. |
| (സി) | ജനകീയവിഷയങ്ങൾക്ക് പരിഹാരം കാണാൻ പ്രാപ്തമായ ഇത്തരം കമ്മിറ്റികൾ നിർബന്ധമായും നിശ്ചിത ഇടവേളകളിൽ വിളിച്ചുചേർക്കുന്നതിന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുമോ? | (സി) | ഇത്തരം കമ്മിറ്റികളിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായ കമ്മറ്റികൾ ഉൾപ്പെടുന്നു. പരാതികളുടെയോ, പ്രശ്നങ്ങളുടെയോ അടിസ്ഥാനത്തിൽ യഥാസമയം അവ വിളിച്ച് ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.